ഐ.ആർ.ഡി.പി.

* 66 [108] ശ്രീ. വി. കേശവൻ:
,, ടി.കെ. അബ്ദു:
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. കെ.പി. അരവിന്ദാക്ഷൻ:
,, പി. സി. തോമസ് (കടുത്തുരുത്തി:) താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ?

സാമൂഹ്യ വികസനവകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) 1. ഐ.ആർ.ഡി.പി. ട്രെയിഡ് ഫെയറുകൾ.
2. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ വിപണന സംവിധാനം സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായി വരുന്ന അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക മുതലായ ഉദ്ദേശത്തോടുകൂടി ഒരു സപ്പൈ ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്.

കല്ലട ഡാമിൻെറ ചോർച്ച

* 67 [109] ശ്രീ. എം.വി. രാഘവൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:
,, പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഡാമിൻെറ ചോർച്ച തടയുന്നതിന് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനുവേണ്ടി ഇതിനകം എത്ര തുക ചെലവാക്കി;

(സി) ഡാം ചോർച്ച പൂർണ്ണമായും തടയുവാൻ കഴിയുമോ;

(ഡി) കല്ലട ഡാം പണിയിലെ ക്രമക്കേടുകൾ കല്ലട പ്രോജക്ട് അഡ്വൈസറി കമ്മിറ്റി ചൂണ്ടിക്കാട്ടിയിരുന്നുവോ?

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ):

(എ) സാധാരണ മേസണറി ഡാമുകളിൽ ആദ്യഘട്ടങ്ങളിൽ ഉണ്ടാകാറുള്ള ചെറിയ തോതിലുള്ള കിനിവുമാത്രമേ കല്ലട ഡാമിലുണ്ടായിട്ടുള്ളൂ. എല്ലാ ഡാമുകളിലും സാധാരണ ചെയ്യാറുള്ള ഗ്രൗട്ടിംഗും ഗണ്ണൈറ്റിംഗും ഇവിടെയും നടക്കുന്നുണ്ട്. നേരത്തെതന്നെ + 250' ലവൽ

LIBRARY ARCHIVES Kerala Legislative Assembly

വരെ ഗണ്ണൈറിംഗ് നടത്തിയിരുന്നു. മുൻപ് ഉദ്ദേശിച്ചിരുന്നതു പോലെ മേൽപ്പടി ലവലിനു മുകളിലും ഗണ്ണൈറ് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നേരിയ തോതിലുള്ള കിനിവ് സാധാരണവും അനിവാര്യവുമാണെന്ന നിലയിൽ ഇപ്പോഴും നടത്തുവാനുദ്ദേശിക്കുന്ന ഗ്രൗട്ടിംഗും ഗണ്ണൈറിംഗും മൂലമുള്ള ചെലവുകളും ഡാമിന്റെ നിർമ്മാണ ചെലവുകളിൽ ഉൾപ്പെടുന്നവതന്നെയാണ്. അതിനാൽ അധിക ചെലവ് വേണ്ടി വന്നിട്ടില്ല.

(സി) കഴിയും.

(ഡി) ഡാമിന്റെ പണിയിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി പ്രത്യേകമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതായി അറിയില്ല.

## ട്രൈസം പദ്ധതി പ്രകാരം ഹരിജൻ-ഗിരിജനങ്ങൾക്ക് തൊഴിൽ പരിശീലനം

* 68 [110] ശ്രീ. എ.വി. അബ്ദുൾ റഹിമാൻ ഹാജി:
,, കെ.പി. രാമൻ:
,, പി.കെ.കെ. ബാവ:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പരിപാടിയുടെ ട്രൈസം പദ്ധതി പ്രകാരം 1984-85 ൽ എത്ര ഹരിജന-ഗിരിജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകി എന്നു വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ എത്ര (ഹരിജന-ഗിരിജന) പേർക്ക് തൊഴിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു;

(സി) ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പരിശീലനം നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) 1984-85 -ൽ 3015 ഹരിജന-ഗിരിജനങ്ങൾക്ക് ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) 1812 ഹരിജന-ഗിരിജനങ്ങൾക്കാണ് 85-86 സാമ്പത്തിക വർഷത്തിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

(സി) താഴെ പറയുന്ന മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നത്.

വെൽഡിംഗ്, പ്ലംബിംഗ്, ഇലക്ട്രിക് വയറിംഗ്, സോപ്പു നിർമ്മാണം, തയ്യൽ, ബാത്തിക് പ്രിൻറിംഗ്, നെയ്ത്ത്, കരകൗശലം, ബേക്കറി തുടങ്ങിയവ.

LIBRARY ARCHIVES Kerala Legislative Assembly